


പാപത്തിന്, മധ്യമവർഗക്കാരൻ കല്പിക്കുന്ന ശിക്ഷ, അല്ലെങ്കിൽ അവർ ഭയപ്പെടുന്ന ശിക്ഷ, നോവലിസ്റ്റ് നോവലിനുള്ളിൽ വച്ചു നടത്തിക്കൊടുക്കുന്നു. വർക്കിയുടെ നോവലുകൾക്ക് കൈവന്ന അസാമാന്യമായ ജനപ്രീതിക്ക് ഇതും ഒരു കാരണമായിരുന്നില്ലേ?

മുട്ടത്തുവർക്കിയുടെ സ്വാധീനം സമകാലിക മലയാള സംസ്കാരത്തിൽ

സ്കറിയാ സക്കറിയ

സാഹിത്യത്തെക്കുറിച്ചുള്ള ചർച്ച കഥാസാഹിത്യം മുൻനിറുത്തിയാകുമ്പോൾ, കുറെ വിവാദകലുഷമാകുന്നു. കവിതാചർച്ചയിൽ നിന്നും കാവ്യനാടകവിമർശനത്തിൽ നിന്നും വികസിച്ച കാവ്യശാസ്ത്രത്തിനു നോവൽ, ചെറുകഥ, ആത്മകഥ, ലഘുപന്യാസങ്ങൾ തുടങ്ങിയ സാഹിത്യ രൂപങ്ങളോടു നീതിപുലർത്താനാവാത്തതാണ് ഇതിനു കാരണം. പദ്യത്തിലെഴുതിയ ജ്യോതിശാസ്ത്രഗ്രന്ഥം വിലയിരുത്താൻ സാമ്പ്രദായിക കാവ്യശാസ്ത്രം പ്രയോജനപ്പെട്ടേക്കാം. എന്നാൽ കടുത്ത ബലപ്രയോഗം കൊണ്ടുപോലും തകഴി, ദേവ്, ബഷീർ, വി.കെ.എൻ, സക്കറിയ തുടങ്ങിയവരുടെ കൃതികൾ വിശദീകരിക്കാൻ കാവ്യശാസ്ത്ര സിദ്ധാന്തങ്ങൾ ഉപകരിക്കില്ല. വാമൊഴിക്കവിതയുടെ കാര്യത്തിലും ഇതേ നിസ്സഹായത അനുഭവപ്പെടുന്നു. കാലം ചെല്ലുന്തോറും ജനകീയമെന്നു വിശേഷിപ്പിക്കാവുന്ന നോവലും കഥയും നാടോടി സാഹിത്യവും സാഹിത്യത്തിന്റെ മുഖ്യധാരയായി മാറുകയാണ്. അതിനുമപ്പുറം ഇലക്ട്രോ



ണിക് മാധ്യമങ്ങളുടെ വരവോടെ തിരക്കഥയും സിനിമാപ്പാട്ടും ടിവി സീരിയലും പരസ്യവും ജനപ്രീതിനേടി പരമ്പരാഗത സാഹിത്യത്തിന്റെ ഇടത്തിലേക്കു തള്ളിക്കയറുന്നു. ജനാധിപത്യവത്കരണത്തിന്റെ ഇത്തരം മാറ്റങ്ങൾ കൂടി കണക്കിലെടുത്തു സാഹിത്യത്തെ പുനർനിർവചിക്കാൻ ശ്രമങ്ങളുണ്ട്. സാഹിത്യഭാഷയെ ജനകീയമാക്കുന്നതിന്റെ മാതൃകകൾ വർക്കിയുടെ രചനകളിൽ കാണാം. നോവലിനെ ദാർശനികവ്യവഹാരമായി പരിഗണിക്കുന്നവർക്ക് ഈ ജനകീയശൈലി സ്വീകാര്യമായില്ല. മാധ്യമങ്ങളെ യാഥാർഥ്യത്തിന്റെ പകർപ്പുകളായും ജനത്തിന്റെ നാവായും പരിഗണിക്കുന്നവർക്കും ഈ കാല്പനിക ശൈലി ഇഷ്ടപ്പെട്ടില്ല. എങ്കിലും ഇതാണ് ഇന്നത്തെ ശൈലി; ഭാഷാഗതി. ഉപരിപ്ലവത എന്ന് സാമ്പ്രദായികർ ഇതിനെ ഇകഴ്ത്തിയേക്കാം. ആദർശവാദികൾ ഇതിനെ ഭാഷാധൂർത്തായി കണക്കാക്കിയേക്കാം. ഇതു കേവലം ഭാഷാപ്രശ്നമല്ല. സാഹിത്യത്തെയും സമൂഹത്തെയും അവയുടെ പരസ്പരബന്ധത്തിൽ കണ്ടറിഞ്ഞു വിലയിരുത്തിയാലേ ഈ പ്രതിഭാസം വിശദീകരിക്കാനാവൂ.

സമൂഹത്തിന്റെ പൊതുബോധത്തെ ഏറെ നൊമ്പരപ്പെടുത്താതെ, എന്നാൽ തെല്ലൊന്നു തൊട്ടുരുമ്മി പ്രവാചക നാട്യത്തിൽ വിദഗ്ധമായി എഴുതുന്നതാണല്ലോ ബഹുജന സമ്പർക്കമാധ്യമങ്ങളുടെ ഇന്നത്തെ ശൈലി. നവസാക്ഷരരുടെ സമൂഹത്തിൽ മാത്രമല്ല, ജീവിതത്തിരക്കുകളിൽ കുടുങ്ങിപ്പോകുന്നവർക്കിടയിലും ഇത്തരം രചനയ്ക്കു വമ്പിച്ച പ്രചാരമുണ്ട്. നമ്മുടെ ആനുകാലികങ്ങളും പാരമ്പര്യങ്ങളും അതിവിദഗ്ധമായി ഉപയോഗിക്കുന്ന ഈ തന്ത്രം കഥാഖ്യാനതന്ത്രമായി മുട്ടത്തുവർക്കി വികസിപ്പിച്ചെടുത്തതാണ്. ആനുകാലികങ്ങളിലെ വാർത്താധിഷ്ഠിത പരിപാടികൾ ഈ ഭാഷ നിലവാരപ്പെട്ട വസ്തുതാ പ്രതിപാദന ശൈലി എന്ന മട്ടിൽ ഉപയോഗിക്കുമ്പോൾ അതിൽ സംഭവിക്കുന്ന തമസ്കരണങ്ങൾ സാംസ്കാരിക വിമർശകർക്കു അവഗണിക്കാനാവില്ല. ജനപ്രിയം എന്ന മുദ്ര ചാർത്തപ്പെടുന്ന വ്യവഹാരങ്ങളിൽ വിനോദതന്ത്രം എന്ന നിലയിൽ അവയുടെ ഉപയോഗം ആഖ്യാനകൗശലമായി വേണം വിലയിരുത്താൻ. മുട്ടത്തുവർക്കി കഥ പറയാൻ ഉപയോഗിച്ച ശൈലി ഇന്നു മാധ്യമങ്ങൾ കാര്യം പറയുന്നു എന്ന മട്ടിൽ ഭംഗിയായി കള്ളം പറയാൻ ഉപയോഗിക്കുന്നു. കളിയും കാര്യവും കലർത്തി തന്നിഷ്ടം പറയുക എന്നതാണല്ലോ സമകാലിക മാധ്യമതന്ത്രം. പരസ്യങ്ങളുടെ സ്വഭാവവും ഇതുതന്നെ. ഭാഷയെയും ദർശനത്തെയും സ്പർശിക്കുന്ന ഈ ആഖ്യാനതന്ത്രം വർക്കിയുടെ രചനകൾ മുൻനിറുത്തി വിശദീകരിക്കാം.

മുട്ടത്തുവർക്കി കഥ പറയാൻ ഉപയോഗിച്ച ശൈലി ഇന്നു മാധ്യമങ്ങൾ കാര്യം പറയുന്നു എന്ന മട്ടിൽ ഭംഗിയായി കള്ളം പറയാൻ ഉപയോഗിക്കുന്നു. കളിയും കാര്യവും കലർത്തി തന്നിഷ്ടം പറയുക എന്നതാണല്ലോ സമകാലിക മാധ്യമതന്ത്രം.

വൻതറവാടുകളുടെയും കൊട്ടാരങ്ങളുടെയും പരിസരങ്ങൾവിട്ട് അധ്വാനിക്കുന്ന മനുഷ്യരുടെ ഇടയിലേക്കു മലയാള കഥാസാഹിത്യം ഇറങ്ങിച്ചെല്ലുന്ന കാലഘട്ടത്തിലാണ് മുട്ടത്തുവർക്കി സാഹിത്യാങ്കണത്തിൽ പ്രവേശിച്ചത്. തകഴി, ദേവ്, പൊൻകുന്നം വർക്കി എന്നിവരെപ്പോലെ മുട്ടത്തുവർക്കിയും ദാരിദ്ര്യത്തിന്റെയും അവമതിയുടെയും പരിത്യക്തതയുടെയും കഥ എഴുതി. അദ്ദേഹത്തിന്റെ തിരഞ്ഞെടുത്ത കഥ

കളിലെ (എൻ.ബി.എസ്. 1977) 'ഹീനജന്മം' എന്ന ഒന്നാമത്തെ കഥ വെറുമൊരു നായയുടെ കഥയായിട്ടല്ല, നിസ്വതയും നിരാധാരത്വവും മൂർഖതയും കലർന്ന ജീവിതത്തിന്റെ ചവർപ്പായിട്ടാണ് വായനക്കാരനു അനുഭവപ്പെടുക. മുതലാളിമാരുടെ നിർദയത്വവും ദരിദ്രരുടെ ദൈന്യവും ഏറ്റുമുട്ടുമ്പോൾ കണ്ണീരിന്റെ കുത്തൊഴുക്കു രൂപപ്പെടുന്ന കാഴ്ചയാണ് 'ഒഴുക്ക്' എന്ന കഥയിലുള്ളത്. വാർധക്യത്തിന്റെ ശാപമായ പരിത്യക്തതയുടെ വേദന 'കറുത്ത മറുകി' ലെ മൂത്ത പണിക്കത്തി, 'മുറിവു' കളിലെ വല്യമ്മച്ചി എന്നിവരിലൂടെ വർക്കി അവതരിപ്പിച്ചിരുന്നു. മുട്ടത്തുവർക്കിയുടെ സാഹിത്യ പ്രപഞ്ചത്തിന്റെ വൈപുല്യം നിമിത്തമായിരിക്കണം, അദ്ദേഹത്തിന്റെ ശ്രദ്ധേയങ്ങളായ ചില കൃതികൾ സാഹിത്യാസ്വാദകരുടെയും നിരൂപകരുടെയും ശ്രദ്ധയിൽപ്പെടാതെ പോയത്. കേസരി ബാലകൃഷ്ണപിള്ള, എം.പി. പോൾ തുടങ്ങിയവരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രമായവയാണ് അദ്ദേഹത്തിന്റെ ആദ്യകാല സംഭാവനകൾ എന്ന കാര്യം ഓർമിക്കുമല്ലോ.

നോവൽ സാഹിത്യത്തിലേക്കു പ്രവേശിക്കുമ്പോൾ വർക്കിയുടെ സാഹിത്യപ്രപഞ്ചം പ്രതിപാദ്യത്തിന്റെ കാര്യത്തിൽ ചില നിഷ്ഠകൾ പ്രകടമാക്കുന്നു. 'സ്വന്തം കർമക്ഷേത്രം' കണ്ടെത്തിയ മട്ടിലാണ് പിന്നീടിങ്ങോട്ടുള്ള അദ്ദേഹത്തിന്റെ സാഹിത്യപ്രവർത്തനം. താൻ ജനിച്ചുവളർന്ന നാടിന്റെ പശ്ചാത്തലത്തിലാണ് വർക്കിയുടെ നോവലുകൾ രൂപം കൊണ്ടത്. പാറേൽപ്പള്ളി പെരുന്നാളും ചാക്കിരിമുക്കും കുരിശുമ്മൂടുമെല്ലാം വർക്കിയുടെ നോവലുകളെ യഥാർഥമായ ഒരു ദേശപശ്ചാത്തലത്തിൽ ഉറപ്പിച്ചു നിറുത്തുന്നു. സവിശേഷ സാമുദായിക പശ്ചാത്തലവുമുണ്ട്, വർക്കിയുടെ നോവലുകളിൽ-വർക്കി ജനിച്ചുവളർന്ന സുറിയാനി കത്തോലിക്ക സമുദാത്തിന്റെ വിശാലഭൂമിക. ആ സമുദായവുമായി ഇടപഴകിക്കഴിയുന്ന മധ്യതിരുവിതാംകൂറിലെ മറ്റു സമുദായങ്ങളിൽപ്പെട്ടവരും വർക്കിയുടെ നോവലുകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. ഏതെങ്കിലും പ്രത്യേക സമുദായത്തിൽപ്പെട്ട കഥാപാത്രങ്ങൾക്ക് ഒരെഴുത്തുകാരന്റെ സാഹിത്യപ്രപഞ്ചത്തിൽ പ്രാചുര്യം ലഭിക്കുന്നതു വിശേഷിച്ചൊരു മികവോ പോരായ്മയോ ആയി പരിഗണിക്കേണ്ടതില്ല. ഒരെഴുത്തുകാരന്റെ എല്ലാ കഥാപാത്രങ്ങളും ഒരൊറ്റ സമുദായത്തിൽപ്പെട്ടവരായിപ്പോയാലും (പ്രഫ: എൻ. കൃഷ്ണപിള്ളയുടെ നാടകപ്രപഞ്ചം തന്നെ നല്ല ഉദാഹരണം) അതൊരു പോരായ്മയാകുന്നില്ല. തങ്ങൾക്ക് അടുത്തറിയാവുന്ന വ്യക്തികളെയും സാഹചര്യങ്ങളെയുംകുറിച്ച് എഴുതുന്നതിൽ ചില എഴുത്തുകാർ കൂടുതൽ താത്പര്യം കാട്ടുന്നു എന്നു കരുതിയാൽ മതി. വർക്കിയുടെ നോവലുകളിൽ സജീവമായി നിലനിൽക്കുന്ന ക്രൈസ്തവ സാമൂഹിക പശ്ചാത്തലത്തിനു ഇതിലധികം ന്യായീകരണം ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഏതെങ്കിലും പ്രത്യേക സമുദായത്തിൽപ്പെട്ട കഥാപാത്രങ്ങൾക്ക് ഒരെഴുത്തുകാരന്റെ സാഹിത്യപ്രപഞ്ചത്തിൽ പ്രാചുര്യം ലഭിക്കുന്നതു വിശേഷിച്ചൊരു മികവോ പോരായ്മയോ ആയി പരിഗണിക്കേണ്ടതില്ല. ഒരെഴുത്തുകാരന്റെ എല്ലാ കഥാപാത്രങ്ങളും ഒരൊറ്റ സമുദായത്തിൽപ്പെട്ടവരായിപ്പോയാലും അതൊരു പോരായ്മയാകുന്നില്ല.



മുട്ടത്തുവർക്കിയുടെ നോവലുകൾ സാഹിത്യലോകത്തിലേക്കു പ്രവേശിപ്പിച്ച സ്ത്രീപുരുഷന്മാർ വേഷത്തിലും വീക്ഷണത്തിലും പ്രവൃത്തിയിലും പ്രത്യേകതകളുള്ളവരായിരുന്നു-മന്മൽ പുടവ ഞൊറിച്ചിലിട്ടുടുത്ത്, മന്മൽ ചട്ടയിട്ട്, കവണി



പുതച്ചു കടന്നുവന്ന സ്ത്രീകൾ; കഴുത്തിൽനിന്ന് വെന്തിങ്ങ മാറ്റാത്ത സ്ത്രീ-പുരുഷന്മാർ; കൈയിൽ കൊന്തയും നിത്യാരാധനപ്പുസ്തകവുമായി പള്ളിയിൽ പോകുന്നവർ; കർത്താവിന്റെ മാലാഖയും അമ്പത്തിമൂന്നു മണിജപവും മുടങ്ങാതെ ചൊല്ലുന്നവർ; ഞങ്ങളുടെ കുടുംബത്തിൽ എല്ലാകാലത്തും വൈദികരും കന്യാസ്ത്രീകളുമുണ്ടായിരുന്നു എന്നു അഭിമാനം കൊള്ളുന്നവർ; കുടുംബപാരമ്പര്യത്തെച്ചൊല്ലി മറ്റുള്ളവരെ ഇകഴ്ത്താൻ മടിയില്ലാത്തവർ; സർവോപരി ഭൂമിയോടു മല്ലിട്ടു വിയർപ്പൊഴുക്കി ജീവിക്കാൻ വ്രതമെടുത്തവർ! ഇവരിൽ ബഹുഭൂരിപക്ഷവും സാധാരണക്കാരാണ്; അധ്വാനശേഷിയും വളരാനുള്ള വെമ്പലും മാത്രം മൂലധനമായുള്ളവർ. വളരാനുള്ള അവരുടെ വ്യാമോഹത്തെ ആർത്തി എന്നോ സാഹസികതയെന്നോ നിങ്ങൾക്ക് പേരിടാം. സാഹിത്യപരിചയമോ വിശാലമായ ലോകപരിചയമോ നേടിയവരല്ല ഇവർ. മധ്യവർഗത്തിന്റെ സാമാന്യസ്വഭാവങ്ങളായ പൊങ്ങച്ചവും അനുകരണവാസനയും അവരിൽ പ്രകടമായിട്ടുണ്ട്; സർവോപരി മധ്യവർഗത്തിന്റെ വിശ്രുതമായ അധർമഭയവും.

സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടു അരുതാത്തതു വല്ലതും ചെയ്തുപോയാൽ അത്തരം അതിക്രമങ്ങൾ വർക്കിയുടെ കഥാപാത്രങ്ങളുടെ ഉള്ളിൽ ഉമിത്തീപോലെ നീറിക്കൊണ്ടിരിക്കും. അതിക്രമം കാട്ടുകയും പിന്നീട് അതേക്കുറിച്ചു പശ്ചാത്തപിക്കുകയും ചെയ്യുന്ന അനേകം കഥാപാത്രങ്ങൾ വർക്കിയുടെ നോവൽ പ്രപഞ്ചത്തിലുണ്ട്. പാപത്തിന്റെ ശമ്പളം മരണമാണ് എന്ന തത്വം അത്യന്തലളിതമായി സ്വീകരിച്ച് ആത്മഹത്യയിൽ ചെന്നെത്തുന്നവരുണ്ട്. പാപത്തിന്റെ ശമ്പളമായി മരണവിധേയരാകുന്നവരുണ്ട്. ചുരുക്കത്തിൽ, ഇടത്തരക്കാരന്റെ സരളമായ ധർമബോധം വർക്കിയുടെ കഥാപാത്രങ്ങളെ മാത്രമല്ല വർക്കി എന്ന എഴുത്തുകാരനെയും സ്വാധീനിച്ചിരിക്കുന്നു. പാപത്തിന്, മധ്യവർഗക്കാരൻ കല്പിക്കുന്ന ശിക്ഷ, അല്ലെങ്കിൽ അവർ ഭയപ്പെടുന്ന ശിക്ഷ, നോവലിസ്റ്റ് നോവലിനുള്ളിൽ വച്ചു നടത്തിക്കൊടുക്കുന്നു. വർക്കിയുടെ നോവലുകൾക്ക് കൈവന്ന അസാമാന്യമായ ജനപ്രീതിക്ക് ഇതും ഒരു കാരണമായിരുന്നില്ലേ?

ശുഭപര്യവസായികളാണ് മുട്ടത്തുവർക്കിയുടെ മിക്കനോവലുകളും. നവസാക്ഷരരായ മധ്യവർഗക്കാർ, ജീവിതത്തോടു പുലർത്തുന്ന ഋജുവും സരളവുമായ ആഭിമുഖ്യം നിമിത്തം, അവരുടെ ഇടയിൽ ശുഭാന്തകഥകൾക്ക് നല്ല സ്വാഗതമാണ് ലഭിക്കുക.

ശുഭപര്യവസായികളാണ് മുട്ടത്തുവർക്കിയുടെ മിക്കനോവലുകളും. നവസാക്ഷരരായ മധ്യവർഗക്കാർ, ജീവിതത്തോടു പുലർത്തുന്ന ഋജുവും സരളവുമായ ആഭിമുഖ്യം നിമിത്തം, അവരുടെ ഇടയിൽ ശുഭാന്തകഥകൾക്ക് നല്ല സ്വാഗതമാണ് ലഭിക്കുക. അനുരാഗ നദിയിലെ വിഘ്നങ്ങളുടെ നേർക്ക് അവർ കണ്ണടയ്ക്കുന്നില്ല. പ്രേമിച്ചു നോക്കാൻ മെനക്കെട്ടിട്ടുള്ളവരല്ല അവരിൽ പലരും. എങ്കിലും പ്രേമകഥകൾ കേൾക്കാൻ ഇഷ്ടമാണ്. നാടോടിപ്പുരാണങ്ങളുടെ അവക്രമായ ശൈലിയിൽ ഉദ്വേഗജനകമായി ഈ കഥകൾ പറഞ്ഞുകേൾപ്പിക്കാൻ വർക്കി ഒരുമ്പെട്ടു. അത് 'എല്ലാം ശുഭമായി പര്യവസാനിക്കും' എന്ന അവരുടെ പ്രതീക്ഷയ്ക്കനുസൃതമായി അവസാനിപ്പിച്ചു കണ്ടപ്പോൾ അവർക്ക് ഏറെ സന്തോഷമായി.

"എന്റെ മോക്ക് എന്റെ ദൈവം തമ്പുരാൻ ഒരു ദോഷോം വരുത്ത

ത്തില്ല" (നാത്തൂൻ) എന്ന് അനുഗ്രഹിക്കുന്ന അപ്പനും "ദൈവം ഇതിനു തീർച്ചയായും അവരോടു പകരം വീട്ടിക്കൊള്ളും" (മയക്കുമരുന്ന്) എന്നു ശപിക്കുന്ന അമ്മയും "സർവശക്തനായ ദൈവം നമ്മെ കൈവിടത്തില്ല" (ലോറാ നീ എവിടെ?) എന്നു പ്രഖ്യാപിക്കുന്ന മകളും മധ്യവർഗത്തിന്റെ മറ്റൊരു സ്വഭാവവിശേഷം തെളിച്ചുകാട്ടുന്നു-അന്യൂനമായ ഈശ്വരാശ്രയബുദ്ധി. ലളിതമായ ഈ സമർപ്പണ ബുദ്ധിയുടെ ബാഹ്യാവിഷ്കാരങ്ങളാണ് പള്ളിയിൽ പോക്കും കുടുംബപ്രാർഥനയും നേർച്ചകാഴ്ചകളും വെന്തിങ്ങ ധരിക്കലുമെല്ലാം. ഇവയെക്കാളൊക്കെ അഗാധതരമാണ് ഉത്തമ മതാത്മകതയെന്ന് വിജ്ഞന്മാർ വാദിച്ചേക്കാം. അവർ പറയുന്നതിൽ കഴമ്പുണ്ടെന്നും സമ്മതിക്കണം. എന്നാൽ സാധാരണക്കാരായ മതവിശ്വാസികൾക്ക്-വർക്കിയും വർക്കിയുടെ കഥാപാത്രങ്ങളും ഇക്കൂട്ടത്തിൽപ്പെടും- മേൽപ്പറഞ്ഞവയെല്ലാമാണ് മതാത്മകതയുടെ ആവിഷ്കാരങ്ങൾ. തലമുറ തലമുറയായി ശീലിച്ചുപോന്നിട്ടുള്ള ഇത്തരം അനുഷ്ഠാനങ്ങളിലൂടെ അവർ ഈശ്വരാനുഭവം തേടുന്നു. ഇതിനപ്പുറം കടന്ന് ഇതേക്കുറിച്ചു ചർച്ച നടത്താനോ അഭിപ്രായരൂപവത്കരണം നടത്താനോ മുട്ടത്തുവർക്കി ഒരുമ്പെടുന്നില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ സാമ്പ്രദായിക സങ്കല്പത്തിലുള്ള 'വിശ്വാസി'കളാണ് മുട്ടത്തുവർക്കിയുടെ പലകഥാപാത്രങ്ങളും. നോവലിസ്റ്റിന്റെ പ്രീതിയും പക്ഷപാതവും നേടിയിട്ടുള്ള കഥാപാത്രങ്ങളിൽ മിക്കവരും ഇത്തരം വിശ്വാസികളാണ്.

ക്രൈസ്തവ മതസങ്കല്പത്തിൽ നിരുപാധികമായ ഈശ്വരാശ്രയബുദ്ധിയുടെ പര്യായമാണ് വിശ്വാസം. ഇത്തരം വിശ്വാസമാണ് ബൈബിൾ ഉപദേശിക്കുന്നത്, വിശേഷിച്ച് പുതിയ നിയമം. വിശ്വാസികളുടെ വിധേയത്വമാണ് ക്രൈസ്തവികതയുടെ കാതൽ. മുട്ടത്തുവർക്കിയുടെ കഥാപാത്രങ്ങൾ ദൈവത്തെ 'എന്റെ ദൈവം' എന്നു വിളിക്കാറുണ്ട്. ആ വിളിയിൽ അടങ്ങുന്ന വൈയക്തികതയുടെ തീവ്രത വിശ്വാസത്തിന്റെ തിളക്കമാണ്. തീർന്നില്ല, ദൈവം മാത്രമാണ് തങ്ങൾക്ക് ഒരേ ഒരാശ്രയം എന്ന് അവർ കരുതുന്നു. നാവുകൊണ്ടും ഹൃദയം കൊണ്ടും പ്രവൃത്തികൊണ്ടും വർക്കിയുടെ കഥാപാത്രങ്ങൾ ഉദ്ഘോഷിക്കുന്നു: "വല്ലൊരും നമ്മക്കു തുണയൊണ്ടോ, ദൈവമല്ലാതെ!" (മയക്കുമരുന്ന്), ഈ വാക്യത്തിൽ പ്രകടമാകുന്ന പരമ നിസ്സഹായതാബോധവും തത്ജന്യമായ സമ്പൂർണ ദൈവസമർപ്പണ ബുദ്ധിയുമാണ് ഉത്തമ ക്രൈസ്തവികത. ബൈബിൾ, ഭാഗ്യവാന്മാർ എന്നു വിളിക്കുന്ന ദരിദ്രരുണ്ടല്ലോ. അവരുടെ മൗലികഭാവമാണ് ഉദ്ധൃതവാക്യത്തിലുള്ളത്. ദൈവമല്ലാതെ മറ്റാരും അത്താണിയായി ഇല്ലാത്തവരാണ് ബൈബിൾ സങ്കല്പത്തിലുള്ള ദരിദ്രർ. അത്തരം ദരിദ്രരാണ് വർക്കിയുടെ പല കഥാപാത്രങ്ങളും. ഇല്ലായ്മകൾ അവർക്കു വല്ലായ്മകളായിത്തീരുന്നു. ഇല്ലായ്മകൾ സ്വീകരിക്കാൻ അവർ തയ്യാറല്ല. അവരുടെ ക്ഷോഭങ്ങൾ വികാരക്കടലുകളായി മാറുന്നുണ്ട്. നിങ്ങൾ 'വലിയൊരു സാഹിത്യാസ്വാദകനാ'ണെങ്കിൽ ഈ പ്രവണതയെ സെന്റിമെന്റലിസം എന്നു വിളിച്ചേക്കും. പക്ഷേ ഒരു കാര്യം മറക്കരുത്: സാധാരണക്കാർ ജീവി

മുട്ടത്തുവർക്കിയുടെ കഥാപാത്രങ്ങൾ ദൈവത്തെ 'എന്റെ ദൈവം' എന്നു വിളിക്കാറുണ്ട്. ആ വിളിയിൽ അടങ്ങുന്ന വൈയക്തികതയുടെ തീവ്രത വിശ്വാസത്തിന്റെ തിളക്കമാണ്. തീർന്നില്ല, ദൈവം മാത്രമാണ് തങ്ങൾക്ക് ഒരേ ഒരാശ്രയം എന്ന് അവർ കരുതുന്നു.





തത്തെ വികാരവത്കരിച്ചു കാണുകയും അനുഭവിക്കുകയും വിവരിക്കുകയും ചെയ്യുന്നവരാണ്. മധ്യവർഗക്കാരന്റെ ജീവിതത്തോടുള്ള ഈ മനോഭാവം വർക്കിയുടെ രചനകളിൽ സാമാന്യമായി പ്രതിഫലിച്ചു കാണുന്നു.

'അപരിഹരണീയ വിധിയന്ത്രത്തിരിപ്പിനു' കീഴിലും പതറാത്തതാണ് മുട്ടത്തുവർക്കിയുടെ കഥാപാത്രങ്ങളിൽ കാണുന്ന ഈശ്വരാശ്രയ ബുദ്ധി. ലാസർ മേസ്തിരിയെ (ലോറാ നീ എവിടെ?) മരണം അപഹരിക്കാൻ തുടങ്ങുമ്പോൾ, നോവലിസ്റ്റിന്റേതായി കാണുന്ന ചിന്തകൾ ശ്രദ്ധിക്കുക: "പാവപ്പെട്ട ലാസർ മേസ്തിരിയെ എന്തിനാണ് ദൈവം ഇപ്പോൾ സ്വർഗത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്നത്. എന്താണിത്ര അത്യാവശ്യം? ലോറായെ വിവാഹം കഴിപ്പിച്ചയയ്ക്കുക എന്ന മഹത്തായ കർത്തവ്യം നിർവഹിക്കുന്നതിനു മുൻപു ദൈവം അയാളെ വിളിച്ചു കൊണ്ടു പോകാതിരുന്നെങ്കിൽ! ആകാശത്തിലെ മിന്നൽപ്പിണറിന്റെ വഴി ഏതെന്നു മുൻകൂർ നിശ്ചയിക്കുക മേലല്ല. ഭൂമിയിലെ മനുഷ്യർക്ക് അതെന്തെന്നു ഊഹിച്ചെടുക്കുകപോലും സാധ്യമല്ല?" ഇവിടെ നോവലിസ്റ്റ് അവതരിപ്പിക്കുന്ന വിശ്വാസിയുടെ മനോവൃത്തിയുണ്ടല്ലോ, അതിന്റെ ലളിതമായ ആവിഷ്കാരമാണ് പൊതുവേ അദ്ദേഹത്തിന്റെ ഇഷ്ടകഥാപാത്രങ്ങളിലെല്ലാം കാണുന്നത്. ഇതു ക്രൈസ്തവ വിശ്വാസത്തിന്റെ അത്യന്തലളിതമായ ഒരു ഭാഷ്യമാണ് എന്ന കാര്യം മറക്കുന്നില്ല. അയുക്തികം എന്നു തനിക്കു തോന്നുന്നതിനെ ചോദ്യം ചെയ്താൽ ദൈവപ്രസാദം നഷ്ടപ്പെട്ടുപോയേക്കുമോ എന്നുപോലും നോവലിസ്റ്റ് ഭയപ്പെടുന്നു. പഴയ നിയമത്തിലെ ജോബിനെപ്പോലെ പരിഭവിക്കാനോ ചോദ്യം ഉതിർക്കാനോ പരിഭവമൂർഖത അവലംബിക്കാനോ പോലും മുട്ടത്തുവർക്കിയോ അദ്ദേഹത്തിന്റെ കഥാപാത്രങ്ങളോ ഒരുമ്പെടുന്നില്ല.

അയുക്തികം എന്നു തനിക്കു തോന്നുന്നതിനെ ചോദ്യം ചെയ്താൽ ദൈവപ്രസാദം നഷ്ടപ്പെട്ടുപോയേക്കുമോ എന്നുപോലും നോവലിസ്റ്റ് ഭയപ്പെടുന്നു. പരിഭവിക്കാനോ ചോദ്യം ഉതിർക്കാനോ പരിഭവമൂർഖത അവലംബിക്കാനോ പോലും മുട്ടത്തുവർക്കിയോ അദ്ദേഹത്തിന്റെ കഥാപാത്രങ്ങളോ ഒരുമ്പെടുന്നില്ല.

സാഹിത്യത്തിൽ വർക്കി തെളിച്ചെടുത്ത ജനകീയ പ്രതിപാദന ശൈലിയോടു ബന്ധപ്പെട്ടതാണ് അദ്ദേഹത്തിന്റെ കൃതികളിൽ കാണുന്ന മതാത്മകതയും. 'അയാൾ വിശ്വസിച്ചു, അതിനാൽ അയാൾ രക്ഷ പ്രാപിച്ചു' എന്ന ക്രൈസ്തവ സിദ്ധാന്തം അത്യന്തലളിതമായി വർക്കി അവതരിപ്പിച്ചു. എന്നാൽ വിശ്വാസിയുടെ കഥ ഇത്രത്തോളം ലളിതമാക്കിപ്പറഞ്ഞാൽ സാഹിത്യമാവില്ല എന്ന ധാരണ പ്രബലമായി നിലനിൽക്കുന്നു. വിശ്വാസിയുടെ മനോവൃത്തികൾ, അയാളുടെ മനസ്സിലുണ്ടാകുന്ന ബലപരീക്ഷകൾ, ചിത്രീകരിച്ചാലേ വിശ്വാസിയുടെ കഥ സാഹിത്യമാകൂ എന്ന് അവർ കരുതുന്നു. കഥാപാത്രങ്ങളുടെ മനോവൃത്തികളിലൂടെ പരന്നൊഴുകി മന്ദഗതിയിൽ പുരോഗമിക്കുന്ന കഥയാണ് നോവൽ എന്ന സങ്കല്പത്തിന് അനുസൃതമാണ് ഈ സിദ്ധാന്തം. മുട്ടത്തുവർക്കിയുടെ നോവലുകൾക്കൊന്നും മേല്പറഞ്ഞ നിർവചനം യോജിക്കയില്ല. അദ്ദേഹത്തിന്, ദ്രുതഗതിയിൽ കഥാപാത്രങ്ങളുടെ ബാഹ്യക്രിയകളിലൂടെ ഉദ്വേഗജനകമായി പ്രവഹിക്കുന്ന കഥയാണ് നോവൽ. സി.ജെ. തോമസിന്റെ നാടകങ്ങളിലും 'ആ മനുഷ്യൻ നീ തന്നെ,' 'അവൻ വീണ്ടും വരുന്നു,' കാക്കനാടന്റെ 'ഏഴാംമുദ്ര'യിലും

സക്കറിയയുടെ അനേകം കഥകളിലും ക്രൈസ്തവ വിശ്വാസിയുടെ ഹൃദയത്തിലുണ്ടാകുന്ന വൈകാരിക സംഘർഷങ്ങൾ തികച്ചും കലാത്മകമായി ചിത്രീകരിച്ചിട്ടുണ്ട്. പാറപ്പുറത്തിന്റെ 'അരനാഴിക നേര'ത്തിലുമുണ്ട് വിശ്വാസിയുടെ ഉദ്ദിഗ്നമായ മനസ്സിലുണ്ടാകുന്ന സംഘർഷത്തിന്റെ കഥ. രക്തമാംസങ്ങളുള്ള വിശ്വാസിയിൽ പാപബോധം എങ്ങനെ വൈകാരിക സംഘർഷമായി വികസിക്കാമെന്ന് എസ്.കെ. പൊറ്റക്കാടിന്റെ 'വിഷകന്യക'യിലെ മുപ്പത്തിരണ്ടാം അധ്യായം വെളിപ്പെടുത്തുന്നു. സത്യവിശ്വാസിയായ അന്തോണിയും മാധവിയും തമ്മിലുള്ള വേഴ്ചയ്ക്കുശേഷം കട്ടിലിൽ സുഖമായി കിടന്നുറങ്ങുന്ന മാധവിയെയും അവളുടെ കാൽക്കൽ ചുളിഞ്ഞു താറുമാറായിക്കിടക്കുന്ന ബൈബിളും കാണുമ്പോൾ അന്തോണിക്കുണ്ടായ വികാരവേഗങ്ങൾ, അതിമനോഹരമായി പൊറ്റക്കാട് ചിത്രീകരിച്ചിട്ടുണ്ട്. പ്രാർഥിക്കാൻ പോലും കരുത്തില്ലാതെ താൻ നിശേഷം നശിച്ചു എന്ന വികാരത്തിൽ പരമനിസ്സഹായതാബോധത്തോടെ അന്തോണി പൊട്ടിക്കരയുന്ന രംഗം അനുസ്മരിക്കുക. വിശ്വാസിയെ പരീക്ഷകളിൽ ഇത്രത്തോളം മുഴുകാൻ മുട്ടത്തുവർക്കി അനുവദിക്കാറില്ല. മനസ്സിന്റെ അവ്യക്തമേഖലകളിൽ നടക്കുന്ന സംഘട്ടനങ്ങൾ ചിത്രീകരിക്കാൻ അദ്ദേഹത്തിന്റെ തൂലികയ്ക്കു താത്പര്യമില്ലെന്നു തോന്നുന്നു. 'പിശാചിന്റെ തട്ടിപ്പു' പോലുള്ള കഥകളുടെ പ്രതിപാദനശൈലി ഇങ്ങനെ ചിന്തിക്കാൻ നമ്മെ നിർബന്ധിക്കുക കൂടി ചെയ്യുന്നുണ്ട്. നാല്പത്തിമൂന്നു വയസുകാരനായ കുട്ടായിച്ചേട്ടന് പട്ടാളക്കാരനായ മകൻ മത്തായിയുടെ ഭാര്യ കൊച്ചാച്ചിയോടു പെട്ടെന്നു ലൈംഗികാഭിനിവേശം തോന്നുന്നു. പക്ഷേ, ഒരു നിമിഷം കൊണ്ടു കുട്ടായിച്ചേട്ടൻ ആ പരീക്ഷയെ അതിജീവിച്ചു. അന്നുരാത്രി അയാൾക്ക് ഉറക്കം വന്നില്ല. തന്റെ ഉള്ളിൽ കടന്നുകൂടിയ അശുദ്ധവിചാരത്തെ അകറ്റാൻ അയാൾ പ്രാർഥിച്ചു. സകല പുണ്യവാന്മാരോടും ദൈവമാതാവിനോടും പ്രാർഥിച്ചു; മനം നൊന്തു പ്രാർഥിച്ചു. ഒരു പാപവും ചെയ്തിട്ടില്ലാത്ത ആ പാവപ്പെട്ട കർഷകന്റെ ഉള്ളിൽ എങ്ങനെ ചീത്തവികാരം കടന്നുകൂടി? പിറ്റേദിവസം രാവിലെ എണീറ്റപാടേ അയാൾ പള്ളിയിൽ ചെന്നുവീണ്ടും പ്രാർഥിച്ചു. പിശാചിന്റെ തട്ടിപ്പിൽ തന്നെ വീഴ്ത്തരുതേ. അയാൾ ദൈവതിരുസന്നിധിയിൽ എരിവോടെ പ്രാർഥിച്ചു... പിറ്റേദിവസം കൊച്ചാച്ചിയെ കുട്ടായിച്ചേട്ടൻ അവളുടെ വീട്ടിലേക്കു പറഞ്ഞുവിട്ടു... "അവളിനി കുഞ്ഞുമത്തായി വരുമ്പം വന്നാമതി" കുട്ടായിച്ചേട്ടൻ പറഞ്ഞു... അന്നുരാത്രിയിൽ അയാൾ പോത്തുപോലെ കിടന്നുറങ്ങി," (തിരഞ്ഞെടുത്ത കഥകൾ) പ്രലോഭനത്തെ അതിജീവിക്കാൻ കുട്ടായിച്ചേട്ടൻ നടത്തിയ പരിശ്രമം അയാളുടെ ബാഹ്യക്രിയകളിലൂടെ അവതരിപ്പിക്കാനാണ് മുട്ടത്തുവർക്കി ഇവിടെ ശ്രമിക്കുന്നത്. അയാളുടെ മനസ്സിന്റെ അകത്തളത്തിലേക്കു കടന്നുചെല്ലാൻ വിസമ്മതിച്ചു നിൽക്കുകയാണ് കഥാകൃത്ത്. ഈ നിലപാടിൽ പല വിശദീകരണങ്ങളുണ്ടാകാം.

ലൈംഗികതയെ 'വൃത്തികെട്ട രഹസ്യ'മായി പരിഗണിക്കുന്ന സമകാലിക സാമൂഹിക സദാചാരത്തിന്റെ പ്രേരണയാണ് വർക്കിയെ നിയന്ത്രിക്കുന്നതെന്ന് പെട്ടെന്നു തോന്നാം. എന്നാൽ ഇതു ഭാഗികസത്യം മാത്രമാണ്.



ലൈംഗികതയെ 'വൃത്തികെട്ട രഹസ്യ'മായി പരിഗണിക്കുന്ന സമകാലിക സാമൂഹിക സദാചാരത്തിന്റെ പ്രേരണയാണ്



വർക്കിയെ നിയന്ത്രിക്കുന്നതെന്ന് പെട്ടെന്നു തോന്നാം. എന്നാൽ ഇതു ഭാഗികസത്യം മാത്രമാണ്. പ്രേമമായിരുന്നല്ലോ വർക്കിയുടെ കൃതികളിലെ മുഖ്യപ്രതിപാദ്യം. ആ പ്രേമം കാമത്തോടു ബന്ധപ്പെട്ടതുമാണല്ലോ. പ്രേമത്തിലൂടെ കാമപൂർത്തിയിലേക്കു വളരുന്ന സ്ത്രീപുരുഷബന്ധത്തെ തന്റെ തൂലികയുടെ റൊമാന്റിക് മാന്ത്രികതകൊണ്ട് 'പരിശുദ്ധ രഹസ്യ'മാക്കി അവതരിപ്പിക്കാൻ മുട്ടത്തുവർക്കിക്കു സാധിച്ചു. സമൂഹത്തിന്റെ ധർമബോധത്തെ ഈ വിഷയത്തിൽ വർക്കി പുരോഗമനപരമായി സ്വാധീനിച്ചു എന്നു തന്നെ പറയാം. വർക്കിയുടെ നോവലുകൾ വായിക്കുന്നവർ അതിലെ കാമുകീകാമുകന്മാരുടെ ഭാഗ്യവിപര്യയങ്ങൾ വികാര പ്രവാഹങ്ങളായിട്ടാണല്ലോ ഹൃദയത്തിൽ ഏറ്റുവാങ്ങുന്നത്. അതിലെ വികാര തരംഗങ്ങൾ ഹൃദയത്തിൽ ചില മുദ്രകൾ അവശേഷിപ്പിക്കാതിരിക്കില്ല. അത്തരം വൈകാരിക മുദ്രകളുടെ സഞ്ചിതനിധിയാണല്ലോ ചിത്തസംസ്കാരം.

ലൈംഗിക ബന്ധത്തെക്കുറിച്ചു വിട്ടു വീഴ്ചയില്ലാത്ത ചില നിലപാടുകൾ, ക്രൈസ്തവ മതസ്വാധീനത്തിൽ വർക്കി അവലംബിക്കുന്നുണ്ട്. വിവാഹത്തിനു മുൻപോ, വിവാഹത്തിനു പുറത്തോ ഉണ്ടാകുന്ന ലൈംഗിക ബന്ധങ്ങളെയെല്ലാം പൊറുക്കാനാവാത്ത തിന്മകളായി അവതരിപ്പിക്കുന്ന നോവലിസ്റ്റ്, അത്തരം വേഴ്ചകൾ കനത്ത തിരിച്ചടികളായിത്തീരുമെന്ന് കാട്ടിത്തരാൻ കൂടി പല കഥാസന്ദർഭങ്ങളും മെനഞ്ഞെടുത്തിട്ടുണ്ട്. സാഹിത്യപ്രേമികൾക്ക് അനുചിതമായി തോന്നിയേക്കാവുന്ന ഇതിവൃത്തവ്യതിയാനത്തിലൂടെ നടത്തുന്ന ഇത്തരം സിദ്ധാന്തീകരണം മുട്ടത്തുവർക്കിയുടെ നോവലുകൾക്ക് സമൂഹത്തിന്റെ വിവിധതലങ്ങളിൽ മാന്യതയുടെ പരിവേഷം നൽകുകയുണ്ടായി. അങ്ങനെയാണ് ആ ഗ്രന്ഥങ്ങൾ വായനശാലകളിലേക്കും അടുക്കളയിലേക്കുപോലും നിർബാധം കടന്നുചെന്നത്. സാമൂഹികദൃഷ്ടിയിലൂടെ ലൈംഗികത ചിത്രീകരിക്കാനാണ് വർക്കി ഒരുമ്പെട്ടിട്ടുള്ളത് എന്ന കാര്യവും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. വിശാലസമൂഹത്തിൽ, നമ്മുടെ സാമൂഹിക പരിതോവസ്ഥകളിൽ, പ്രേമവും ലൈംഗികതയുമെല്ലാം അപവാദ വ്യവസായത്തിനുള്ള വിഭവങ്ങളാണ്. പലപ്പോഴും അതിക്രമത്തിനുള്ള ഊർജമായും അതു പ്രത്യക്ഷപ്പെടുന്നു. വർക്കിയുടെ നോവൽ പ്രപഞ്ചത്തിൽ ലൈഗികാപവാദങ്ങളും ലൈംഗികാക്രമങ്ങളും സുലഭമാണല്ലോ. കണ്ടാൽ കൊള്ളാവുന്ന പെണ്ണുങ്ങളെല്ലാം അപവാദങ്ങൾക്കും അക്രമങ്ങൾക്കും ഇരകളാവുന്നു. പല ഭാര്യമാരും ഭർത്താക്കന്മാരുടെ ലൈംഗിക ജീവിതത്തിൽ സംശയാലുക്കളുമാണ്, വർക്കിയുടെ നോവലുകളിൽ!

മുട്ടത്തുവർക്കിയുടെ നോവലുകൾ കഥാപാത്രങ്ങളുടെ ബാഹ്യക്രിയകൾ സമൃദ്ധമായി ചിത്രീകരിക്കുന്നതിനിടയിൽ, അനേകം ക്രൈസ്തവ സാമൂഹ്യാചാരങ്ങളും ഭാഷയിലേക്കു പകർന്നിട്ടുണ്ട്. കേരളീയ പൈതൃകം, പേർഷ്യൻ സമ്പർക്കം, പാശ്ചാത്യ സ്വാധീനം, ക്രൈസ്തവസഭാതമകത എന്നിവയിലൂടെയെല്ലാം ഒരു വ്യതിരിക്തസമൂഹമായി വളർന്ന കേരളത്തിലെ സുറിയാനി കത്തോലിക്കരുടെ സാമൂഹികാചാരങ്ങൾ ആലേഖനം ചെയ്യുന്നതിൽ മുട്ടത്തുവർക്കിയെ അതിശയിക്കുന്ന

മലയാള മഹാ നിഘണ്ടുവിലും സർവവിജ്ഞാന കോശത്തിലും അവശ്യം ചേർക്കേണ്ട സുറിയാനിക്ക ത്തോലിക്ക സമുദായ സംബന്ധമായ എല്ലാ സംജ്ഞകളുടെയും പട്ടികയും വിവരണവും ലഭ്യമാക്കുന്ന ഒരു രേഖാ സമുച്ചയമാണ് മുട്ടത്തുവർക്കിയുടെ സാഹിത്യ കൃതികൾ.

ഒരു എഴുത്തുകാരൻ ഇല്ല. ആ സമൂഹത്തിന്റെ ശക്തി ദൗർബല്യങ്ങളെല്ലാം അദ്ദേഹം വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു. ക്രൈസ്തവ കുടുംബത്തിലെ പുരുഷനുള്ള സർവാധിപത്യം, സ്ത്രീധന സമ്പ്രദായം, അമിതമായ മദ്യപാനം, സുറിയാനി ക്രിസ്ത്യാനിയുടെ ദുരഭിമാനം, ജാതിചിന്ത എന്നിവയെല്ലാം വിമർശനബുദ്ധിയോടുകൂടിത്തന്നെ വർക്കി അവതരിപ്പിച്ചിട്ടുണ്ട്. വിവാഹത്തോടനുബന്ധിച്ചു നിലവിലിരുന്ന ക്രൈസ്തവ സാമൂഹ്യാചാരങ്ങൾ അവയുടെ വിലക്ഷണതകൾപോലും നഷ്ടപ്പെടുത്താതെ കൗതുകകരമായി ചിത്രീകരിക്കാൻ വർക്കിക്കുണ്ടായിരുന്ന വൈദഗ്ധ്യത്തിനു ഉത്തമദൃഷ്ടാന്തമാണ് 'നാത്തൂൻ' എന്ന നോവലിന്റെ പ്രാരംഭഭാഗം. മറ്റൊരു തരത്തിൽ ചുരുക്കിപ്പറഞ്ഞാൽ, മലയാള മഹാനിഘണ്ടുവിലും സർവവിജ്ഞാനകോശത്തിലും അവശ്യം ചേർക്കേണ്ട സുറിയാനിക്രത്തോലിക്ക സമുദായ സംബന്ധമായ എല്ലാ സംജ്ഞകളുടെയും പട്ടികയും വിവരണവും ലഭ്യമാക്കുന്ന ഒരു രേഖാസമുച്ചയമാണ് മുട്ടത്തുവർക്കിയുടെ സാഹിത്യകൃതികൾ. അങ്ങനെയൊരു ഗ്രന്ഥസമുച്ചയം വേറെ നിർദ്ദേശിക്കാനുമില്ല.

വർക്കിയുടെ കഥാപ്രപഞ്ചത്തിൽ കാണുന്ന മതാത്മകതയെ ജനപ്രിയ മതാത്മകത എന്നു വിളിക്കാം. കേരളം ഇന്നു ഇത്തരം മതാത്മകതയുടെ പ്രദർശനശാലയാണ്. ജീവിതത്തെക്കുറിച്ചുള്ള ഗഹനമായ ചിന്തകൾക്കൊന്നും ഇടം നൽകാത്ത ശബ്ദായമാനവും സംഭവബഹുലവുമായ മതാത്മകത ഇവിടെ ശക്തി പ്രാപിച്ചിരിക്കുന്നു. മാധ്യമങ്ങൾ മത്സരബുദ്ധിയോടെ ഇത്തരം ജനപ്രിയമതപ്രകടനങ്ങളെ കൊണ്ടാടുന്നു. കേരളീയ ജീവിതം മൊത്തത്തിൽ മാധ്യമീകരിക്കപ്പെടുന്നതിന്റെ ഭാഗമായി വേണം ജനപ്രിയ മതാത്മകതയെ മനസ്സിലാക്കാൻ. ജീവിതത്തിന്റെ അതിസാധാരണതയെ സാധാരണക്കാരനു പ്രിയങ്കരമായ ശൈലിയിൽ പ്രതിനിധാനം ചെയ്ത മുട്ടത്തുവർക്കിയുടെ കലാതന്ത്രം കേരള സംസ്കാരത്തിന്റെ സരളയുക്തിയായി വികസിക്കുന്നു. ഇതിനെ മാധ്യമീകരണം എന്നോ ജനാധിപത്യവത്കരണം എന്നോ വിളിക്കാം. ഏതായാലും മലയാളഭാഷയിലെയും കേരളസംസ്കാരത്തിലെയും ഇന്നത്തെ പ്രബലമാതൃകകളിൽ ഒന്ന് 'പൈങ്കിളിമുദ്ര' കുത്തി വിദ്വാന്മാർ ഇകഴ്ത്തിക്കളഞ്ഞ മുട്ടത്തുവർക്കി ശൈലിയാണ്. അതിന്റെ സമകാലിക പ്രയോഗങ്ങൾ നിശിതമായ സാംസ്കാരിക വിമർശനത്തിനു വിധേയമാക്കേണ്ടതുണ്ട്.

മുട്ടത്തുവർക്കി ഒരിക്കലും പിറുപിറുത്തില്ല. കുരയ്ക്കുന്ന നായ്ക്കളെ കല്ലെറിഞ്ഞില്ല. ഒരു വാദവും പുറപ്പെടുവിച്ചില്ല. "എനിക്ക് ഒരുപാടു മക്കളുണ്ട് അവരെ വളർത്തിവലുതാക്കാനും പെൺപിള്ളേരെ കെട്ടിച്ചയയ്ക്കാനും പണം വേണം. അതുകൊണ്ട് ഞാൻ എഴുതുന്നു. ജനങ്ങൾ വായിക്കുമെന്നുറപ്പുള്ള ശൈലിയിൽ ഞാനെഴുതുന്നു. എനിക്കറിയാവുന്ന എന്റെ ഗ്രാമത്തിലെ സാധാരണക്കാരന്റെ സ്വപ്നങ്ങളെക്കുറിച്ച് ഞാനെഴുതുന്നു." അദ്ദേഹം പറഞ്ഞു: ആത്മാർത്ഥതയുടെ കാര്യത്തിൽ നമ്മുടെ കപടബുദ്ധികൾക്ക് അദ്ദേഹത്തിന്റെ ചെരുപ്പിന്റെ വാറഴിക്കാനുള്ള യോഗ്യതയുണ്ടോ?

ശ്രീകുമാരൻ തമ്പി